DESPATCHED On 29/06/2020

7·3·20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1924*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15471** /*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.നാരായണൻ കുട്ടി കെ.,
28/575/3,
പാലിയം റോഡ്, തൃശ്ശൂർ – 690 001. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 24.07.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.09.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.12.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.നാരായണൻ കുട്ടി കെ.,

23.09.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 26.09.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1924(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ 1(B) ചോദ്യത്തിന്റെ മറുപടി ഊർജ്ജവകുപ്പിൽ നിന്നും ലഭിക്കും എന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള മറുപടിയാണ് ലഭിച്ചതെന്നും ഊർജ്ജ വകുപ്പിൽ നിന്നും ടിയാന്റെ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയതായി അറിയിപ്പ് നൽകിയെന്നും 24.04.2019ന് ടി വകുപ്പിൽ ലഭിച്ച അപേക്ഷയ്ക്ക് 06.05.2019ന് മറുപടി തയ്യാറാക്കിയെങ്കിലും തപാലിൽ അയച്ചത് 03.06.2019ന് മാത്രമാണെന്നും ആയത് ടിയാന് ലഭിച്ചത് 05.06.2019നാണെന്നുമാണ്. തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് എസ്.പി.ഐ.ഒ. സ്വീകരിച്ച മറുപടി ശരിയല്ല എന്നു കണ്ടെത്തിയെങ്കിലും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചത്. ആകയാൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.03.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, വിജിലൻസ്(എ) വകുപ്പിലെ എസ്.പിഐ.ഒയ്ക്ക് നൽകിയ 28.02.2019ലെ vig-A1/609/2013-vig നമ്പർ കത്തിൽ പറയുന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ നൽകണമെന്നും ടി കത്തിൽ പറയുന്ന GO(P)46/91/vig dated 31.07.1997,സർക്കുലർ 11855/E3/08/VIG.dt.07.01.2010 എന്നിവയുടെ പകർപ്പുകൾ നൽകണമെന്നും ടി കത്തിലെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങളും അനുബന്ധ രേഖാ പകർപ്പുകളും നൽകണമെന്നുമാണ്. ആയതിന് 06.05.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഒന്നും മൂന്നും പിരിവുകളിലെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിന് പേജൊന്നിന് 2/- രൂപാ നിരക്കിൽ 108 പേജിന് 216/- രൂപ ചെലാനൊടുക്കി രസീത് ഹാജരാക്കി കൈപ്പറ്റാവുന്നതാണെന്നും പിരിവ് രണ്ടിനുള്ള മറുപടി വിജിലൻസ് വകുപ്പിൽ നിന്നും ശേഖരിക്കാമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 24.07.2019ന് നൽകിയ

മറുപടിയിൽ ഒന്നാം എതിർകക്ഷിയുടെ 06.05.2019 ലെ കത്തിലെ നടപടി ശരിയായ രീതിയിലുള്ളതല്ലെന്നും ആയതിനാൽ വിവരാവകാശ നിയമം ചട്ടം (8)(എച്ച്) പ്രകാരം പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 04.12.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിഷയത്തിൽ വിജിലൻസ് കേസ്സുള്ളതിനാൽ ആയതിന്മേൽ തുടർ നടപടി ആരംഭിച്ചതിനാലും ഇത് മറ്റൊരാൾക്കെതിരെയുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ട് ആയതിനാലും ഹർജിക്കാരൻ ഇതിൽ കക്ഷിയല്ലാത്തതിനാലുമാണ് ടിയാൻ ആവശ്യപ്പെട്ട വിവരം നൽകാത്തതെന്നുമാണ്. എന്നാൽ ഹർജിക്കാരൻ 30.11.2019ൽ കമ്മീഷനയച്ച കത്തിൽ ആരോഗ്യപരമായ കാരണങ്ങളാൽ ടിയാന് ഹിയറിംഗിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ 24.04.2019ന് ലഭിച്ച അപേക്ഷയുടെ മറുപടി 06.05.2019ന് തയ്യാറാക്കി എങ്കിലും ആയത് തപാലിൽ അയച്ചത് 03.06.2019ന് മാത്രമാണെന്നും ആയതിന്റെ തെളിവായി സീൽ ചെയ്ത തപാൽ കവറു സഹിതം ഹാജരാക്കി കമ്മീഷനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും

നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 07-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM